19|01|23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.inഹർജി നമ്പർ **AP. 43(2)/2020/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 290/എസ്.ഐ.സി-ജി 6/202t#m)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സുരേന്ദ്രദാസ് വെട്ടിയാർ,
ഹരിമന്ദിരം, വെട്ടിയാർ പി.ഒ.,
മാവേലിക്കര, ആലപ്പുഴ ജില്ല,
പിൻ - 690 558. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം,
ചെങ്ങന്നൂർ,
ആലപ്പുഴ ജില്ല,
പിൻ - 689 121.

2. അപ്പീൽ അധികാരി &
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ,
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം,
ചെങ്ങന്നൂർ,
ആലപ്പുഴ ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.07.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02.09.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.10.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.12.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.01.2020 |
| ഹിയറിംഗ് നടന്ന തീയതി<br>സ്ഥലം | 14/12/2022<br>ആഡിയോ/വീഡിയോ കോൺഫറൻസിങ്ങ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണവും വ്യക്തവുമായ വിവരം ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 22.07.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടി ആഫീസ് എ.ടി.ഒ. ആഫീസായിരുന്നിട്ടും ഡി.ടി.ഒ. ആയി പ്രൊമോഷൻ ലഭിച്ച ജേക്കബ് മാത്യു ടി ഓഫീസിൽ തുടരുന്നതെന്തുകൊണ്ടാണെന്നും ആയതിന്റെ രേഖ ലഭ്യമാക്കണമെന്നും ടിയാൻ കെ.എസ്.ആർ.ടി.സി.യിൽ നിയമനം നേടിയത് ആശ്രിതം/പി.എസ്.സി./കായികം ഇതിൽ ഏതു തരത്തിലുള്ള നിയമനമാണെന്നും ആശ്രിത നിയമനമാണു ലഭിച്ചതെങ്കിൽ ആരുടെ ആശ്രിത പ്രകാരമാണെന്നും ആശ്രിതരുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ, നിയമനം ലഭിച്ച രേഖ എന്നിവ ലഭ്യമാക്കണമെന്നും ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും ഒരു ദിവസം എത്ര ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്നും ഇതിന്റെ കളക്ഷനുകൾ, ആയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കണമെന്നു തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 20.08.2019ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 11.10.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ചെങ്ങന്നൂർ യൂണിറ്റിൽ എ.റ്റി.ഒ./ഡി.റ്റി.ഒ. എന്നീ തസ്തികകളിലെ ഓഫീസർമാരെ നിയമിക്കുന്നത് കോർപ്പറേഷന്റെ ഭരണപരമായ ആവശ്യങ്ങൾക്ക് കേന്ദ്ര കാര്യാലയത്തിൽ നിന്നാണെന്നും ശ്രീ.ജേക്കബ് മാത്യുവിന്റെ നിയമന വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും വിശദ വിവരം കേന്ദ്ര കാര്യാലയത്തിൽ ലഭ്യമാകുമെന്നും 3–ാം ഇനം സംബന്ധിച്ച് ചോദ്യം വ്യക്തമല്ലെന്നും ഏത് ദിവസത്തെ ഷെഡ്യൂൾ ഓപ്പറേഷന്റെ ഡീറ്റെയിൽസാണെന്നു വ്യക്തമാക്കണമെന്നും ആയത് ഓഫീസ് പ്രവൃത്തി ദിവസം ഓഫീസ് സമയത്ത് വന്ന് എഴുതി എടുക്കാമെന്നും വെട്ടിക്കുറച്ച

ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടില്ലെന്നും മുൻ കളക്ഷൻ രേഖകൾ ഏതു മുതൽ ആവശ്യമുള്ളതെന്നും ഏതുവരെ എന്നുള്ളതും വ്യക്തമല്ലാത്തതിനാൽ ഓഫീസ് സമയത്ത് ഹാജരായി എഴുതി എടുക്കാവുന്നതാണെന്നും 5-ാം ഇനത്തിൽ ആവശ്യപ്പെട്ടതിൽ ഓഫീസ് രേഖകളിൽ 13.05.2019ൽ സർവ്വീസ് ക്യാൻസൽ ചെയ്തിരിക്കുന്നത് ഡ്രൈവർമാരുടെ കുറവ് കാരണമാണെന്നും മറ്റു വിവരങ്ങൾ നേരിട്ട് ഹാജരായി പരിശോധിക്കാമെന്നുമാണ്. 6-ാം ഇനത്തിന് പഞ്ചിംഗ് മെഷീൻ തകരാറിയതിനാൽ ലിസ്റ്റ് ലഭ്യമാക്കാൻ സാധിക്കില്ലെന്നും ക്രമനമ്പർ 7ന് ചീഫ് ഓഫീസ് നിർദ്ദേശപ്രകാരമാണ് ദിവസ വേതന ജീവനക്കാരെ നിയമിക്കുന്നതും മാറ്റി നിർത്തുന്നതുമെന്നും കോടതി ഉത്തരവ് യൂണിറ്റിൽ ലഭ്യമല്ലെന്നുമാണ്. അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കാൻ സാധിക്കില്ലെന്നും ഓഫീസ് രേഖകളിൽ 6-ാം മാസത്തെ ശമ്പളബില്ലിൽ ശ്രീ.അജയൻ എന്ന വ്യക്തിക്ക് ശമ്പളം നൽകിയതായി കാണുന്നുവെന്നും 11-ാം ഇനത്തിൽ ആവശ്യപ്പെട്ട അപ്പീൽ അധികാരിയുടെ പേരും വിലാസവും ശ്രീ.ജേക്കബ് മാത്യു, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ, കെ.എസ്.ആർ.ടി.സി., ചെങ്ങന്നൂർ, 0479-2452213 എന്നുമാണ് അറിയിച്ചത്.

3. 20/02/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 22/07/2019-ൽ വിവരാവകാശ നിയമപ്രകാരം തയ്യാറാക്കിയ അപേക്ഷ 25/07/2019-ൽ ടി യൂണിറ്റിൽ സമർപ്പിയ്ക്കുകയും, ആയതിന്റെ വിവരങ്ങൾ ടി ഓഫീസിൽ നിന്നും 20/08/2019-ൽ ടിയാന്റെ മേൽ വിലാസത്തിൽ തപാൽ മുഖാന്തിരം അയച്ചിട്ടുണ്ടെന്നും എന്നാൽ ടി വിവരങ്ങൾ ലഭിച്ചിട്ടില്ലായെന്ന പരാതിയുമായി ശ്രീ. സുരേന്ദ്രദാസ് വെട്ടിയാർ 31/08/2019-ൽ ഓഫീസിൽ നേരിട്ടെത്തി മറ്റൊരു കോപ്പി കൈപ്പറ്റിയിട്ടുള്ളതുമാണെന്നും, ടി വിവരങ്ങളിൽ തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 02/09/2019 തീയതിയായി മറ്റൊരു അപേക്ഷ തയ്യാറാക്കി അപ്പീൽ അധികാരിയ്ക്ക് 04/09/2019-ൽ അപ്പീൽ നൽകുകയും ആയതിന് കൃത്യമായി ലഭിച്ച് വിവരങ്ങൾ 11/10/2019-ൽ ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്. ചെങ്ങന്നൂർ യൂണിറ്റിൽ സമർപ്പിച്ച അപേക്ഷയുടെ കോപ്പി

ഹർജിക്കാരന് 06/09/2019-ൽ ഗതാഗത വകുപ്പിന് നൽകിയത് എസ്.പി. ഐ.ഒ-യ്ക്ക് (കേന്ദ്രസ്ഥാനം) കൈമാറി ലഭിച്ചിട്ടുണ്ടെന്നും, പ്രസ്തുതഅപേക്ഷയ്ക്ക് ചെങ്ങന്നൂർ ഓഫീസിൽ നിന്നും നൽകിയ വിവരങ്ങളുടെ കോപ്പി ചീഫ് ഓഫീസിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച്, 15/10/2019-ൽ ടി യൂണിറ്റിൽ നിന്നും കേന്ദ്രസ്ഥാനത്തേയ്ക്ക് വിവരങ്ങൾ നൽകിയിരുന്നുവെന്നും, ടി അപേക്ഷയിന്മേലും എസ്.പി.ഐ.ഒ 16/10/2019-ന് വിവരങ്ങൾ അപേക്ഷകന് കൈമാറിയിരുന്നുവെന്നുമാണ്. ടി വിവരങ്ങളിൽ തൃപ്തനല്ലാത്തതിനാൽ ടിയാൻ ചീഫ് ഓഫീസിലെ അപ്പീൽ അധികാരിയ്ക്ക് ഇതേ അപേക്ഷ സമർപ്പിയ്ക്കുകയും, 07/12/2019-ൽ അപ്പീൽ അധികാരിയുടെ ഓഫീസിൽ വെച്ച് ഹർജിക്കാരനെയും, ഒന്നാം എതിർകക്ഷിയെയും ഉൾപ്പെടുത്തി കൂടികാഴ്ച്ച നടത്തുകയും, എല്ലാ ചോദ്യങ്ങൾക്കും വിശദമായ വിവരങ്ങൾ ബോദ്ധ്യപ്പെടുത്തി നൽകിയിരുന്നുവെന്നും 31/12/2019 RTI(APL) നമ്പർ 206/19(PIO 0898/19) പ്രകാരം വിവരങ്ങൾ വിശദീകരിച്ച് വ്യക്തത വരുത്തി അപ്പീൽ അപേക്ഷയും തീർപ്പാക്കി നൽകിയിട്ടുണ്ടെന്നുമാണ്.

അപേക്ഷകൻ ഒരേ അപേക്ഷ തന്നെ വിവിധ ഓഫീസുകൾ മുഖേന സമർപ്പിച്ച വിവരവും അപ്പീൽ തീർപ്പാക്കിയ ശേഷവും അടുത്ത ഓഫീസിൽ അപ്പീൽ നൽകിയിരുന്ന വിവരവും കേന്ദ്രസ്ഥാനം അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കിയ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നുവെന്നുമാണ്. പ്രഥമ അപേക്ഷയിൽ നൽകാവുന്ന വിവരങ്ങൾ ചെങ്ങന്നൂർ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നേരിട്ടും, ചെങ്ങന്നൂർ അപ്പീൽ അധികാരിയും യഥാസമയം നൽകിയിട്ടുണ്ടെന്നും, ടിയാൻ അതേ വിവരങ്ങൾ കേന്ദ്ര ഓഫീസ് മുഖേന തേടിയിരുന്നതിന് എസ്.പി.ഐ.ഒ വിവരങ്ങൾ കൈമാറിയിട്ടുള്ളതും, അപ്പീൽ അധികാരി അപ്പീൽ പരിഗണിച്ച് തീർപ്പാക്കി ഉത്തരവ് നൽകിയിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് ലഭ്യമായ വിവരം നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2022 ഡിസംബർ 20–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV